# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4033 27.6.2012-ൽ മറുപടിയ്ക്ക്

### റാന്നിയിലെ ശുദ്ധജല വിതരണപദ്ധതികൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) പെരുമ്പെട്ടി-അങ്ങാടി സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇനിയും എന്തൊക്കെ നടപടികളാണ് ഈ പദ്ധതി സംബന്ധിച്ച് പൂർത്തീകരിക്കാനുള്ളത്; | (എ) പെരുമ്പെട്ടി (കൊറ്റനാട്) സ്കീമിന്റെ സർവ്വെ പൂർത്തിയായി പ്ലോട്ടിംഗ് വർക്ക് ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങാടി സ്കീമിന്റെ സർവ്വെ നടപടി ഉടൻ ആരംഭിക്കുന്നതാണ്. അങ്ങാടി സ്കീമിന്റെ സർവ്വെ പൂർത്തിയായ ശേഷമേ ജലശുദ്ധീകരണ ശാലയുടേയും ജലസംഭരണിയുടെയും സ്ഥലം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ സർവ്വെ വർക്ക് പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് അധികാരികളിൽ നിന്നും ജല ശുദ്ധീകരണ ശാലയ്ക്കും സംഭരണികൾക്കുമുള്ള സ്ഥല ലഭ്യത ഉറപ്പാക്കിയശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (ബി) കൊല്ലുമുള ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കൊല്ലമുള ശുദ്ധജല വിതരണ പദ്ധതിക്ക വേണ്ടി 2 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി ആവശ്യമുണ്ട്. അതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള പഞ്ചായത്തു കമ്മിറ്റി തീരുമാനം കിട്ടുന്ന മുറയ്ക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വടശ്ശേരിക്കര പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടംവരെയായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | വടശ്ശേരിക്കര പദ്ധതിയുടെ സർ വ്വെ നടപടി ഡിവിഷൻ തലത്തിൽ പൂർത്തിയായി. ഡി.ഇ.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ഡി) | ചെറുകോൽ–നാരങ്ങാനം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്നാണ് ആരംഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീയാക്കാനുള്ളത്; വ്യക്തമാക്കുമോ ? | (ഡി) | ചെറുകോൽ-നാരങ്ങാനം പദ്ധതിയുടെ സർ വ്വേ ജോലിക്കു വേണ്ടിയുള്ള റോഡുകളുടെ നീളം അറിയുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്ത് ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ